# പിറവിക്കാലം

## വചന വിചിന്തനം

### രണ്ടാം ഞായർ

**ലൂക്കാ 2,21-52**

**04/01/2015**

"ക്രിസ്തു നഷ്ടപ്പെട്ടത് വഴിയിലല്ല, മറിച്ച്, ഹൃദയത്തിലാണ്;
ക്രിസ്തു അകന്ന് പോയതല്ല, മറിച്ച്, ഞാൻ അവനിൽ നിന്ന് അകന്നുപോയതാണ്."

*ശിമയോന്റെ ജീവിതത്തിലെ വലിയ ആഗ്രഹം കർത്താവിനെ ഒരു നോക്ക് കാണണം. അതിന് വേണ്ടി ദൈവത്തിൽ നിന്ന് അമർത്യതയുടെ വരം സ്വന്തമാക്കി. ദൈവത്തെ കണ്ട് കഴിഞ്ഞപ്പോൾ അവൻ മരിക്കാൻ തയ്യാറാണ്. കാരണം, അവനറിയാം 'കർത്താവിനെ കണ്ടവരാരും മരിക്കുകയില്ലെന്ന്!*

മഹാത്മാഗാന്ധിജിയെ കുറിച്ച് വളരെ അനുഗ്രഹപൂർണായ ഒരു സംഭവം കേട്ടിട്ടുണ്ട്. ഒരിക്കൽ മഹാത്മാഗാന്ധി ഒരു കലാപഭൂമി സന്ദർശിക്കുകയായിരുന്നു. മതത്തിന്റെയും ജാതിയുടെയും പേരിൽ അങ്ങോട്ടും ഇങ്ങോട്ടും അടി കൂടി നരകയാതന അനുഭവിക്കുന്ന ഒരു പറ്റം ജനങ്ങൾ. അവരെ ശുശ്രൂഷിച്ച് കൊണ്ട് അവരുടെ മതത്തിലെ മതനേതാക്കളും അനുയായികളും അവരുടെ കൂടെയുണ്ട്. സഹനത്തിന്റെ നെരിപ്പോടിൽ നിൽക്കുമ്പോഴും അവർ തങ്ങളുടെ അനുയായികളിൽ എത്ര പേർക്ക് പരിക്കും അംഗവൈകല്യങ്ങളും സംഭവിച്ചിട്ടുണ്ടെന്ന് കണക്കെടുക്കുകയാണ്. അവസാനം മതനേതാവ് അസന്നിഗ്ധമായി പ്രഖ്യാപിച്ചു,

"ദൈവം നമ്മുടെ പക്ഷത്താണ്. കാരണം, നമ്മളിൽ ഏഴ് പേർ മരണമടയുകയും 129 പേർ അംഗവൈകല്യമുള്ളവരായാലും അവരിൽ നിന്ന് ഇതിനേക്കാൾ അധികം പേരെ കൊല്ലാനും തച്ചുടയ്ക്കാനും നമുക്ക് സാധിച്ചിട്ടുണ്ട്. അതുകൊണ്ട് ദൈവം നമ്മുടെ പക്ഷതാണ്. ഒരു സംശയവും തർക്കവുമില്ല!"

ഇത് കേട്ട് കഴിഞ്ഞപ്പോൾ മഹാത്മാഗാന്ധി പറഞ്ഞു, "ദൈവം നമ്മുടെ പക്ഷത്താണ് എന്ന കാര്യത്തിൽ എനിക്ക് ഒരു സംശയവും തർക്കവുമില്ല. പക്ഷെ, നാം ദൈവത്തിന്റെ പക്ഷത്താണോ? ദൈവം സ്നേഹമാണ്. സ്നേഹിക്കുന്നവൻ ദൈവത്തെ കാണുന്നുവെന്നാണ് എല്ലാ മതങ്ങളും പഠിപ്പിക്കുന്നത്. എങ്കിൽ, കൊല്ലാനും തച്ചുടയ്ക്കാനും പരിശ്രമിക്കുന്നവൻ ദൈവത്തെ കാണാൻ സാധ്യതയില്ല!"

"അതിനാൽ ഞാൻ പ്രാർത്ഥിക്കുന്നതും ജീവിക്കാൻ പരിശ്രമിക്കുന്നതും, ഞാനും എന്റെ രാഷ്ട്രവും ദൈവത്തിന്റെ പക്ഷത്താകാനാണ്."

ഇതൊരു ദർശനമാണ്, 'ഞാൻ ദൈവത്തിന്റെ പക്ഷത്താവുക' എന്നത്. ദൈവത്തെ സ്വന്തം പക്ഷത്ത് നിർത്താനാണ് നമുക്കിന്നിഷ്ടം. എന്നാൽ, നാം ദൈവത്തിന്റെ പക്ഷത്താണോ എന്ന് ചിന്തിക്കാനുള്ള സുവർണാവസരമാണിത്. ദൈവം എന്റെ പക്ഷത്താകണമെങ്കിൽ ഞാൻ ദൈവത്തിന്റെ പക്ഷത്താകണം. ഞാൻ ദൈവത്തിന്റെ പക്ഷത്താകാതെ, ദൈവം എന്റെ കൂടെയില്ല എന്ന് പരിതപിക്കുന്നതിൽ അർത്ഥമില്ല! നമുക്കിനിഷ്ടം ദൈവത്തെ നമ്മുടെ കൂടെ നിറുത്താനാണ്. അതുകൊണ്ടാണ്, കള്ളുകച്ചവടക്കാരൻ തിരുനാള് നടത്തി പുണ്യാളനാകുന്നതും, കൊള്ള പലിശക്കാരൻ കണ്ണുനീര് വിറ്റ കാശുകൊണ്ട് സമൂഹവിവാഹം നടത്തി മാന്യനായി തിരുന്നതും. ക്രിസ്തു പറയുന്നു, "അധരം കൊണ്ടല്ല, മറിച്ച്, ഹൃദയം കൊണ്ടാണ് ദൈവത്തെ ആരാധിക്കേണ്ടതെന്ന്!"

ഇത്തരുണത്തിൽ അധരം കൊണ്ടും ഹൃദയം കൊണ്ടും കർത്താവിനെ ആരാധിച്ച ഒരു പറ്റം വ്യക്തികളെയാണ് ഇന്ന് വചനം നമുക്ക് മുമ്പിൽ അവതരിപ്പിക്കുന്നത്; ജോസഫ്, മറിയം, ശിമയോൻ അന്ന. ഇവരാരും, ക്രിസ്തുവിനെ തങ്ങളുടെ കൂടെ നിറുത്താൻ ആഗ്രഹിച്ചവരല്ല. മറിച്ച്, ക്രിസ്തുവിന്റെ പക്ഷത്താകാൻ ആഗ്രഹിച്ചവരാണ്.

യഹൂദർക്ക് രക്ഷ സമ്മാനിക്കാൻ ജനിച്ച ഉണ്ണിയേശുവിനെ പരിച്ഛേദനത്തിനും കർത്താവിന് കാഴ്ച്ച വയ്ക്കുന്നതിനുമായി ദേവാലയത്തിലേയ്ക്ക് ജോസഫും ഭാര്യ മറിയവും കൂടി കൊണ്ടുപോകുന്നു. ദേവാലയത്തിൽ കാഴ്ച്ച വച്ച ഉണ്ണിയേശുവിന് 'ഈശോ' എന്ന പേർ നൽകുന്നു. 'ഈശോ' എന്ന പേരിന്റെ അർത്ഥം രക്ഷകൻ എന്നാണ്. എന്തുകൊണ്ടും പാപം മൂലം ദൈവത്തിൽനിന്നകന്ന് അധഃപതിച്ച മനുഷ്യകുലത്തെ രക്ഷിക്കാൻ കടന്ന് വന്ന ദൈവകുമാരന് അനുയോജ്യമായ പേര്. പേര് അർത്ഥമാക്കുന്ന വിധത്തിൽ ജീവിക്കുന്ന ഈശോ. ജീവിതത്തിന്റെ ഭൂരിഭാഗവും അടിമത്തത്തിൽ കഴിയേണ്ടി വന്നവരാണ് ഇസ്രായേൽ ജനം. രക്ഷകനെ പ്രതീക്ഷിച്ചിരുന്നവരിലേയ്ക്ക് രക്ഷ നൽകാൻ വിമോചകൻ എഴുന്നുള്ളുന്നു. പക്ഷെ, യഹൂദൻമാരുടെ സ്വപ്നം എന്നത് ഭൗതീകമായ സ്വതന്ത്ര്യവും രാഷ്ട്രീയമായ വിമോചനവുമായിരുന്നു. എന്നൽ, ക്രിസ്തു സമ്മാനിച്ചതോ, ആത്മീയമായ സ്വതന്ത്ര്യവും ദൈവത്തെ പിതാവെ എന്ന് വിളിക്കാനുള്ള അവകാശവും. കാരണം, ക്രിസ്തുവിനറിയാമായിരുന്നു ആത്മീയ സ്വതന്ത്ര്യത്തിലൂടെ മാത്രമെ ഭൗതീകമായ സ്വതന്ത്ര്യം നേടിയെടുക്കാൻ സാധിക്കു എന്ന്.

ശിമയോനും അന്നായും, ദൈവം ഏൽപ്പിച്ച ദൗത്യം നിറവേറ്റിയതിന് ശേഷം അണിയറയിലേയ്ക്ക് അരങ്ങൊഴിയുന്നു. ഇതാണ് ക്രിസ്തീയ ജീവിത ശൈലി. 'ഞാൻ എന്ന വ്യക്തി ഒന്നും ചെയ്തിട്ടില്ല. മറിച്ച്, ദൈവം എന്നെ കരുവാക്കുക മാത്രമെ ചെയ്തിട്ടുള്ളു' എന്ന ജീവിത ശൈലി.

എന്നാൽ, ഇതിനേക്കാൾ വലിയ ഒരു വിരുന്ന് ഒരുക്കിയത് ജോസഫും മറിയവും ചേർന്നാണ്. അവർ തങ്ങളുടെ കുഞ്ഞിനെ ജറുസലേം ദേവാലയത്തിലേയ്ക്ക് കൊണ്ടുപോകുന്നു. കുഞ്ഞിന് ഈശോ എന്ന് പേർ നൽകുന്നു. ഇത് തങ്ങളുടെ സ്വന്തം ഇഷ്ടത്താലല്ല. മറിച്ച്, ദൈവവചനത്തിന്റെ വചനത്തിന്റെ തെളിച്ചത്താലാണ്. വചനം അനുസരിച്ച് ജീവിക്കുന്ന ഒരു കുടുംബം. അതുകൊണ്ട് ആ കുടുംബത്തെ തിരുകുടുംബം എന്ന് വിളിച്ചു. നമ്മുടെ കുടുംബങ്ങളെ തിരുകുടംബങ്ങളെന്ന് വിളിക്കാനുള്ള സൂത്രവാക്ക്യവും ഇത് തന്നെയാണ്, "വചനം അനുസരിച്ച് ജീവിക്കുക."

ദൈത്തെ തിരിച്ചറിയാൻ ദൈവീകചൈതന്യം ഉള്ളവർക്കെ സാധിക്കു. പരിശുദ്ധാത്മാവ് നിറഞ്ഞവനെ തിരിച്ചറിയുന്നത് പരിശുദ്ധാത്മാവ് ആവസിച്ച ശിമയോനാണ്. ജറുസലേം ദൈവാലയത്തിൽ ലക്ഷകണക്കിന് ആളുകൾ ഒന്നുകൂടിയിരുന്നു. ആവർക്കാർക്കും കർത്താവിനെ തിരച്ചറിയാൻ സാധിച്ചില്ല. കാരണം, പരിശുദ്ധാത്മാവ് അവരിൽ ആവസിച്ചിരുന്നില്ല. എങ്കിൽ, ദൈവത്ത്വം തിരിച്ചറിയാനുള്ള അടിസ്ഥാന യോഗ്യതകളിലൊന്ന് പരിശുദ്ധാത്മാവിന്റെ ആവാസമാണ്. നാം സ്വന്തമാക്കേണ്ടതും ഇത് തന്നെയാണ്. പാൽ അധികമുള്ള അകിടിലും ചോര തേടാൻ കൊതുകിനെ പ്രേരിപ്പിക്കുന്നത് രക്തത്തോടുള്ള അടങ്ങാത്ത ദാഹമാണ്. പരിശുദ്ധാത്മാവിന് വേണ്ടിയുള്ള അടങ്ങാത്ത ദഹം. ഇത് മാത്രമാണ് പരിശുദ്ധാത്മാവിനാൽ പൂരിതാമാകാനുള്ള ഏക മാർഗ്ഗം.



വചനം ശിമയോനെ കുറിച്ച് പറയുന്നത്, "പരിശുദ്ധാത്മാവ് അവന്റെ മേൽ ഉണ്ടായിരുന്നു" (ലൂക്കാ 2,25).എന്നാണ്. പക്ഷെ, വചനം ഒന്ന് ഇരുത്തി ധ്യാനിച്ചാൽ ഒരുകാര്യം മനസിലാകും, 'എന്ത് കാരണത്താലാണ് പരിശുദ്ധാത്മാവ് ശിമയോനിൽ വന്ന് നിറയുന്നത് എന്ന്.' വചനം പറയുന്നു, "അവൻ ദൈവഭക്തനും, നീതിമാനും, ഇസ്രായേലിന്റെ ആശ്വാസം പ്രതീക്ഷിച്ചിരുന്നവനുമായിരുന്നു" (ലൂക്കാ 2,25). ദൈവഭക്തി ഹൃദയത്തിന്റെ ഭാവമാണെങ്കിൽ നീതിബോധം ആന്തരീക വിശുദ്ധിയാണ്. സ്വന്തം സുഖവും സന്തോഷവുമല്ല, മറിച്ച്, വേദനിക്കുന്ന ഇസ്രായേൽ ജനസമൂഹത്തിന്റെ ആശ്വാസമാണ് ശിമയോൻ സ്വപ്നം കണ്ടത്. ഇങ്ങനെയുള്ളവരുടെമേൽ പരിശുദ്ധാത്മാവ് ആവസിച്ചില്ലെങ്കിൽ ആത്ഭുതമേയൊള്ളു.

ഒരു പേരാഗ്രാഫിൽ ഒരുക്കിയിട്ടുള്ള ശിമയോന്റെ ജീവിതം രണ്ട് ചിന്തകളാൽ ധന്യമാണ്. ഒന്ന്, ശിമയോന്റെ ജീവിതത്തിലെ വലിയ ആഗ്രഹം ദൈവത്തെ കാണുന്നത് വരെ മരിക്കരുത്. അതിനാൽ, ദൈവത്തിൽ നിന്ന് അമർത്ത്യതയുടെ വരം വാങ്ങിയവനാണ് ശിമയൻ. രണ്ട്, ദൈവത്തെ കണ്ട തന്റെ കണ്ണുകൾ മറ്റൊന്നും കാണാൻ ആഗ്രഹി

ക്കുന്നില്ല. അതിനാൽ, എന്നെ നീ വിളിച്ചോ, ഞാൻ തയ്യാറാണ്. ചുരുക്കത്തിൽ, കഴ്ച യുടെ വിരുന്നുണ്ട ആ കണ്ണുകൾക്ക് ഇനി എത്ര വിരുന്നുണ്ടാലും തൃപ്തി വരത്തില്ല!

ഇന്നലെയും ഇന്നും എന്നും ധ്യാനമന്ദിരങ്ങളിലും ബലിയർപ്പണവേദികളിലും പ്രസംഗിക്കുന്നതും പ്രഘോഷിക്കുന്നതും ശിമയോന്റെ പ്രസംഗം തന്നെയാണ്, "ഇതാ, സകല ജനത്തിനും വേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ... ഇവൻ വിവാദ വിഷയമാ യിരിക്കും" (ലൂക്കാ 2,31-34). ക്രിസ്തു എന്നും വിവാദ പുരുഷനാണ് നമ്മുടെ ജീവിത ത്തിൽ. ക്രിസ്തുവിനെ കണ്ടു മുട്ടുന്നവർക്ക് രണ്ട് വഴികളെ മുമ്പിലൊള്ളു. ഒന്നുകിൽ, അവനെ അനുഗമിക്കുക. അല്ലെങ്കിൽ, അവനെ തിരസ്കരിക്കുക. ഒന്നുകിൽ, രക്ഷ പ്പെടുക. അല്ലെങ്കിൽ, നശിക്കുക. തിരഞ്ഞെടുപ്പ് നമ്മുടെതാണ്. രക്ഷയും നാശവും നമ്മുടെ മുമ്പിലുണ്ട്!

ഉത്തരവാദിത്വ ബോധമുള്ളവനായിരുന്നു ക്രിസ്തു! പിതാവിന്റെ കാര്യത്തിൽ വ്യാപൃതനാകേണ്ടവൻ അതിന് തടസം നിൽക്കുന്ന എല്ലാവരെയും മാറ്റി നിർത്തി. മാതാപിതാക്കളുടെ സമ്മർദ്ദവും സഹോദരങ്ങളുടെ സ്നേഹവും സുഹൃത്തുക്കളുടെ കരുതലും ക്രിസ്തുവിന് വചനം പ്രഘോഷിക്കാൻ തടസമായിരുന്നില്ല! എന്റേയോ?

ഉണ്ണിയേശുവിനെ ബലിയർപ്പിക്കുന്നതിനും കാഴ്ച്ചവയ്ക്കുന്നതിനുമായി ജറുസലേ ദേവാലയത്തിൽ വന്ന ജോസഫിന്റെയും മറിയത്തിന്റെയും ജീവിതത്തിലെ വലിയ ദുരന്ത മായിരുന്നു കർത്താവിനെ നഷ്ടപ്പെട്ടത്. ഒരു ദിവസത്തെ (One Day) യാത്രയ്ക്ക് ശേഷ മാണ് അവർ തിരിച്ചറിയുന്നത് കർത്താവിനെ തങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുന്നുവെന്ന്. അവർ തിരിച്ച് നടക്കുകയാണ് കർത്താവിനെ തേടി. വചനം സാക്ഷ്യപ്പെടുത്തുന്നത് മൂന്ന് ദിവസങ്ങൾക്ക് (Three Days) ശേഷമാണ് കർത്താവിനെ അവർക്ക് തിരിച്ച് കിട്ടുന്നത് എന്ന്. ഒരിക്കൽ കർത്താവിനെ നമ്മുടെ ജീവിതത്തിൽ നിന്ന് നഷ്ടപ്പെട്ടാൽ നഷ്ടപ്പെട്ട കർത്താവിനെ സ്വന്തമാക്കാൻ കർത്താവിനെ സ്വന്തമാക്കിയതിന്റെ മൂന്ന് ഇരട്ടി അദ്ധ്വാനി ക്കേണ്ടതായി വരും. അതിനാൽ കർത്താവിനെ നഷ്ടപ്പെടുത്താതെ ജീവിക്കാൻ പഠിക്കുക.

കർത്താവ് നഷ്ടപ്പെട്ടു എന്ന് തിരിച്ചറിഞ്ഞ ജോസഫും മറിയവും കർത്താവിനെ തേടി യാത്രയാവുകയാണ്. മൂന്ന് ദിവസം എല്ലായിടത്തും തെരഞ്ഞു. അവസാനം ദേവാലയത്തിൽ വചനം പ്രസംഗിക്കുന്ന ഉണ്ണിയേശുവിനെ ജോസഫും മേരിയും കണ്ടുമുട്ടുന്നു. കണ്ടുമുട്ടിയ പ്പോൾ അവർക്ക് ചോദിക്കാൻ ഒറ്റ ചോദ്യം മാത്രം, "നീ എന്താ ഇങ്ങനെ ചെയ്തത്? നിന്നെ ഞങ്ങൾ ഉത്കണ്ഠയോടെ അന്വേഷിക്കുകയായിരുന്നു" (ലൂക്കാ 2,48). ഉത്തരം പ്രതീക്ഷിച്ച് നിന്ന ജോസഫിനോടും മറിയത്തോടും ഉത്തരമല്ല ഉണ്ണിയേശു സമ്മാനിച്ചത്. മറിച്ച്, ഒരു മറു ചോദ്യം, "നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്?" (ലൂക്കാ 2,49). ചുരുക്കത്തിൽ, നിങ്ങൾ എവിടെയാണ് എന്നെ അന്വേഷിച്ചത്? നിങ്ങളാണ് എന്നെ ദേവാലയത്തിലേയ്ക്ക് കൊണ്ടു വന്നത്. ആ ഞാൻ ദേവാലയത്തിലല്ലാതെ വേറെ എവിടെ പോകാനാണ്. നമ്മുക്ക് ചിന്തിക്കാനു ള്ളത്, "ഇന്ന് ദേവാലയത്തിലേയ്ക്ക് മക്കളെ കൊണ്ടു പോകാറുണ്ടോ? ദേവാലയത്തിൽ കൊണ്ടു പോകുന്ന മക്കൾ ദേവാലയത്തിൽ തന്നെയാണോ ഉള്ളത്? ഒപ്പം, ദൈവത്ത്വം നഷ്ടപ്പെടുമ്പോൾ ദൈവാലയത്തിലേയ്ക്ക് യാത്രചെയ്യാൻ നാം തയ്യാറാണോ?"

യേശു കൂടെയില്ല എന്നുള്ള അറിവാണ് ഈശോയെ തേടി കണ്ടുപിടിക്കാൻ ജോസഫിനെയും മേരിയേയും സഹായിച്ചത്. കൂടെ ഉണ്ടാകും എന്നു കരുതി. പക്ഷെ, കൂടെ ഉണ്ടായില്ല. കൂടെ ഉണ്ടാകാത്ത കർത്താവിനെ തേടി കണ്ടെത്തി കൂടെ നിറുത്തുന്നു ജോസഫും മറിയവും. ഇത് തന്നെയാണ് നാമും ചെയ്യേണ്ടത്, "കൂടെ ഉണ്ടാകാത്ത കർത്താ വിനെ തേടി കണ്ടെത്തുക, കൂടെ നിറുത്തുക."

മറിയം വചനത്തിന് മുമ്പിൽ തർക്കിക്കുന്നില്ല. മറിച്ച്, മനസിലാകാത്ത വചനം ഹൃദയത്തിൽ സംഗ്രഹിക്കുന്നു. ബുദ്ധികൊണ്ട് ഗ്രഹിക്കാൻ പറ്റാത്തവയെ ഹൃദയത്തിൽ സൂക്ഷിക്കാനും, സൂക്ഷിച്ച വചനത്തെ നിരന്തരം ധ്യാന വിഷയമാക്കാനും അമ്മയുടെ ജീവിതം നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഫാ. ജോബി മെനേത്ത് : +91 944 7777 931